# അധ്യായം ഒന്ന്

# തലമുറകളെ തേടി

അന്തിനേരത്തെ ഇത്തിരി വെളിച്ചത്തിലേക്ക് അരിച്ചരിച്ചെത്തുന്ന ഇരുട്ട് അയാൾ കൂട്ടിവെച്ചിരുന്ന സ്വപ്നങ്ങളിലേക്കും പരന്നിറങ്ങി. അശാന്തിയുടെ തീരങ്ങളിൽ അലയുകയായിരുന്ന മനസ് കിടക്കയിലേക്ക് വീണെങ്കിലും അസ്വസ്ഥതകളിലേക്ക് കുതറിമാറിക്കൊിരുന്നു. സിവിൽ സർവ്വീസിലെ അധികാരസമവാക്യങ്ങളുടെ കുരുക്കുകൾ അഴിക്കുന്ന തിരക്കിൽ പിഴവുപറ്റിയതെവിടെ എന്നറിയില്ല. ഉത്തരമില്ലാത്ത ഒരു പിടി ചോദ്യങ്ങളുടെ ആഴങ്ങളിൽ തലപൂഴ്ത്താനുള്ള ശ്രമം വിഫലമായതേ ജേക്കബ് പുറത്തിറങ്ങി. തലയ്ക്ക് ഭാരം ഏറുന്നതുപോലെ. നടന്നുകൊിരിക്കുമ്പോഴും മനസിൽ അലകളിരമ്പുന്നുായിരുന്നു. 22-ാം വയസ്സിൽ ഐ. എ. എസ്. പരീക്ഷയിൽ റാങ്കോടെ സിവിൽ സർവ്വീസ് ലാവണമാക്കുമ്പോൾ കടിഞ്ഞാണില്ലാത്ത കുതിരയുടെ ആവേഗമായിരുന്നു ചിന്തകൾക്കും ചെയ്തികൾക്കും. സബ്കലക്ടറായി തൃശൂരിലായിരുന്നു ആദ്യ പോസ്റ്റിംഗ്. മാന്യമായ ഇടപെടലുകളും സമീപനരീതികളും ശ്രദ്ധിക്കപ്പെടാൻ നാളേറെ വേി വന്നില്ല.നേട്ടങ്ങളിലേക്കായിരുന്നു തുടർന്നുള്ള ഒാരോ ചുവടുവയ്പും.അതുകൊുതന്നെ ഒപ്പം നിൽക്കാൻ സഹപ്രവർത്തകർ മൽസരിച്ചു.അവരുടെ പ്രതിസന്ധിഘട്ടങ്ങളിൽ കഴിയുന്നിടത്തോളം താനും ഒപ്പം നിന്നു.ആദരണീയ പ്രതിഛായയ്ക്കുടമയെന്ന് പെട്ടെന്നുതന്നെ പേരെടുത്തു.രാഷ്ട്രീയ നേതൃത്വത്തിന് കീഴിൽ പഞ്ചപുഛമടക്കി നിൽക്കണം സിവിൽ സർവ്വീസുകാർ എന്ന അലിഖിത നയത്തോട് സമരസപ്പെടാൻ കഴിഞ്ഞിട്ടില്ല വിദ്യാഭ്യാസകാലംതൊട്ടിന്നുവരെയും..ഔദാര്യങ്ങൾക്കുവേി ആരുടെയും കാലുതിരുമ്മാൻ ശ്രമിച്ചിട്ടുമില്ല. ഉന്നത പദവികൾക്കുംനേട്ടങ്ങൾക്കും വേി രാഷ്ട്രീയമേലാളന്മാർക്കു മുന്നിൽ ഓഛാനിച്ചുനിൽക്കുന്ന ഉദ്യോഗസ്ഥവൃന്ദം, തുടക്കംമുതേല ജേക്കബിന്റെ നിലപാടുകളെ സംശയത്തോടെ വീക്ഷിച്ചു.അയാളുടെ രീതികൾ പലർക്കും ദഹിച്ചില്ല. അഴിമതിക്കെതിരെ പൊരുതിയായിരുന്നു ശുദ്ധികലശങ്ങൾക്കു തുടക്കമിട്ടത്.

ജീവിതം കരുപ്പിടിപ്പിക്കാനുള്ള നെട്ടോട്ടത്തിനിടയിലും ഔദ്യോഗിക ജീവിതത്തിന്റെ ശുഭ്രതയിൽ കറുപ്പ് പുരളാതിരിക്കാൻ ഓരോ നിമിഷവും ശ്രദ്ധിച്ചുകൊിരുന്നു.കോട്ടയത്ത് കലക്ടറുടെ ചുമതലയിൽ നിയമിക്കപ്പെടുമ്പോൾ സ്വന്തംവീട്ടിലെത്തിയ പ്രതീതിയായിരുന്നു.പ്രവർത്തനങ്ങളിലൊക്കെയും ആ സന്തോഷം കാണാനുായിരുന്നു.ടൂറിസം വികസനത്തിനായിരുന്നു കോട്ടയത്ത ്ശ്രദ്ധ കൊടുത്തത്. അക്ഷരനഗരിയുടെ മുഖഛായമാറ്റിയ നയങ്ങളുടെ പേരിൽ പ്രശംസകൾ കുന്നുകൂടിയപ്പോൾ ഉള്ളൊന്നു കുളിർത്തു. എം.ഡിയായി ട്രാൻസ്പോർട്ട് കോർപറേഷനിലെത്തുമ്പോഴേക്കും അനുഭവങ്ങൾപാകതവരുത്തിയിരുന്നു.,എന്നിട്ടും ഒടുവിൽ കബളിപ്പിക്കപ്പെട്ടു. നഷ്ടത്തിലേക്ക് കൂപ്പുകുത്തിക്കൊിരുന്ന ട്രാൻസ്പോർട്ട് വകുപ്പിനെ ശുദ്ധീകരിക്കാൻ ഒരു ശുദ്ധികലശം തന്നെ നടത്തേിവന്നു.അതൊക്കെയും ആഘോഷിക്കാൻ മാദ്ധ്യമങ്ങൾ മത്സരിച്ചു. പുതിയ റൂട്ടുകൾ അനുവദിക്കുന്നതിൽ തുടങ്ങി കെ. എസ്. ആർ. ടി. സി ക്ക് പുതിയ ബസു വാങ്ങുമ്പോൾ കമ്മീഷനായി ലഭിക്കുന്ന ബസുകൾ വരെ അഴിമതിയിൽ മുങ്ങിത്താഴ്ന്ന വകുപ്പിൽ അടിമുടി പൊളിച്ചെഴുത്ത് വേിവന്നു. അന്നൊക്കെ10 ബസിന് ഒന്ന് എന്ന നിലയിലായിരുന്നു വകുപ്പിലെ കമ്മീഷൻ റേറ്റ്. ഒരു വർഷം കൊ് 500 ബസ് നിരത്തിലിറങ്ങുമ്പോൾ കോടികളാണ് മറിയേത്. ക്രമക്കേടുകൾക്ക ്ഒന്നിനും കൂട്ടുനിന്നില്ല. പതിയെ പതിയെ വകുപ്പും ലാഭത്തിലായി.

നഷ്ടത്തിലോടുന്ന പബ്ലിക് സെക്ടർ കമ്പനിയുടെ തലപ്പത്ത് നിയമിക്കപ്പെടുമ്പോൾ ജീവനക്കാരും ഭരണയന്ത്രവും നിഷ്ക്രിയതയുടെ തുരുമ്പെടുത്ത് ആലസ്യമാറിരുന്നു. എവിടെയും അഴിമതിയുടെ ദുർഗന്ധം മാത്രം. എല്ലാമൊന്ന് ചിട്ടയാക്കിയെടുക്കാൻ തന്നെ നാളുകളെടുത്തു. ആഴത്തിൽ പഠിച്ചും ഗൃഹപാഠം ചെയ്തും തുടങ്ങിയത് വെറുതെയായില്ല. ഫയൽകൂമ്പാരങ്ങളോരോന്നായി വെളിച്ചം കു.ഇതിനിടെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നോട്ടമിട്ടു. സ്ഥാപനത്തിന്റെ മാർക്കറ്റിംഗ് ചെലവുകളിലെ കൃത്രിമം കുപിടിച്ചപ്പോൾ പലരുടെയും മുഖമിരുത് കില്ലെന്നുവച്ചു.കമ്പനി പടിപടിയായി ലാഭത്തിലേക്ക് നീങ്ങി. കാര്യങ്ങൾ കീഴ്മേൽ മറിയാൻ അധികസമയമൊന്നും വേിവന്നില്ല.വീടുപണിയാണ് എല്ലാം തകിടംമറിച്ചത്..തിരക്കിട്ടു നടന്ന പണികൾക്കിടെ കമ്പനികാര്യങ്ങളിൽ ശ്രദ്ധ കുറഞ്ഞത് പലരും മുതലെടുത്തു..വർഷങ്ങളായി കൊുനടന്ന സ്വപ്നമായിരുന്നു ഇതുപോലൊരു വീട്. എന്നിട്ടും വീട് പണിതീർക്കാൻ പണം തികയാതെ വന്നപ്പോൾ എന്തുചെയ്യണമെന്നറിയാതെ മനസ് പകച്ചു.അടുപ്പമുള്ള പലരോടും കടം ചോദിച്ചെങ്കിലും ആവശ്യസമയത്ത് ഒന്നും ഒത്തുവന്നില്ല.അങ്ങനെയിരിക്കെ കമ്പനി ആവശ്യങ്ങൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന സപ്ലയേഴ്സ് പണം തരാമെന്നേറ്റപ്പോൾപിന്നെ മറ്റൊന്നും ചിന്തിച്ചില്ല. “വീടു പണി തടസമില്ലാതെ നീങ്ങട്ടെ. സാവകാശം പണം തിരികെ നൽകിയാൽ മതിയല്ലോ” എന്ന് മനസിനെ സമാധാനിപ്പിച്ച് പണം വാങ്ങി. തിരക്കുകളകന്ന് കമ്പനിയുടെ കണക്കുകൾ വിശദമായി പഠിച്ചപ്പോൾ സപ്ലയേഴ്സിന്റെ കണക്കുകളുമായി ടാലിയാകുന്നില്ല. ദിവസങ്ങളോളം കൂട്ടലും കിഴിക്കലും നടത്തിയിട്ടും സപ്ലയേ

ഴ്സിന്റെ കണക്കുകളുമായി ഒത്തുനോക്കുമ്പോൾ ലക്ഷങ്ങളുടെ വ്യത്യാസം. കോടിക്കണക്കിനു രൂപയുടെ സാധനങ്ങൾക്ക് കമ്പനി വീും സപ്ലയേഴ്സിന് ഓർഡർ നൽകിയിരിക്കുന്നുവെന്ന വസ്തുത ഞടുക്കത്തോടെയാണ് ഓർത്തത്. ഉടനെ എന്തെങ്കിലും ചെയ്തേപറ്റൂ,അല്ലാഞ്ഞാൽ കമ്പനി  നഷ്ടത്തിലേക്കു വീും കൂപ്പുകുത്തും..ചെലവു ചുരുക്കൽ നടപടികളിൽ തുടങ്ങി ഒരു ശുദ്ധികലശംതന്നെ നടത്തിയാലേ വകുപ്പിനെ രക്ഷിക്കാനാവൂ  എന്നുറപ്പായിരുന്നു. ഓർഡർചെയ്ത സാധനങ്ങൾ പലതും   വെട്ടിക്കുറച്ചു്. ചെലവുചുരുക്കൽ നടപടിയുടെഭാഗമായാണ് വെട്ടിച്ചുരുക്കൽ എന്നുപറഞ്ഞെങ്കിലുംസപ്ലയേഴ്സിനു പിടിച്ചില്ല.പെട്ടെന്നുായ നടപടിയിൽ അവർ അസ്വസ്ഥരായി.എങ്ങനെയെങ്കിലും ഓർഡർ പുനസ്ഥാപിച്ചുകിട്ടണമെന്ന ഒറ്റ ഡിമാൻഡേയുായിരുന്നുള്ളൂ അവർക്ക്.അനുനയമൊന്നും പറ്റുന്നില്ലാന്നു വന്നതോടെ അവരുടെ സ്വരം ഭീഷണിയുടേതായി.പുരപണിക്കായി കടമെടുത്ത അഞ്ചുലക്ഷംരൂപ, അതായിരുന്നു അവരുടെ തുറുപ്പുചീട്ട്.ഓർഡർ പുനസ്ഥാപിക്കാത്ത പക്ഷം പണം ഉടൻ തിരികെ തന്നേപറ്റൂ എന്നവർ വാശിപിടിച്ചു.അവരുടെ ഭീ,ഷണിക്കുമുന്നിൽ പിടിച്ചുനില്ക്കാൻ ഏറെ പണിപ്പെട്ടു.ഫിനിഷിംഗ് വർക്കുകളും പെയിന്റിംഗുമൊക്കെയായി വീട് പണി തീർന്നപ്പോൾ കീശ കാലിയായിരുന്നു.ഭീഷണികൾ എന്തുവന്നാലും ഓർഡർ തിരികെ നൽകില്ലായെന്നുറപ്പിച്ചിരുന്നു. നട്ടെല്ലില്ലാത്ത ഇഴജന്തുക്കളുടെ മാതിരി തരംകിട്ടിയാൽ ആഞ്ഞുകൊത്താൻ ഉഗ്രവിഷവും പേറിയിരിക്കുന്നവരായിരുന്നു ഇടപാടുകാരെന്ന് തിരിച്ചറിഞ്ഞപ്പോൾ വൈകിപ്പോയി. കാലങ്ങളായി കമ്പനിയിലെ വേപ്പെട്ടവർക്കൊപ്പം ചേർന്നു വെട്ടിപ്പ് നടത്തി കോടികൾ കീശയിലാക്കിയിരുന്നു അവർ. കൈക്കൂലിയായാണ് വീട് പണിക്ക് പണം വാങ്ങിയതെന്ന് അവർ പറഞ്ഞു പരത്തി. പോറലേൽക്കാതെ കാത്തുസൂക്ഷിച്ച പ്രതിഛായയ്ക്കുമേൽ വീണ ആദ്യത്തെ കളങ്കം. പിന്നെ അന്വേഷണത്തിന്റെ പേരിൽ ജോലിയിൽ നിന്നുള്ള മാറ്റിനിർത്തൽ സഹിക്കാവുന്നതിലുമപ്പുറമായിരുന്നു. വിശദീകരണം ചോദിക്കാൻ പോലും ബന്ധപ്പെട്ടവർ മെനക്കെട്ടില്ല. മനുഷ്യൻ ദുർബ്ബലനാവുമ്പോൾ താങ്ങുകൾ ആഗ്രഹിക്കുമെന്നു പറയുന്നത് എത്ര ശരി,എന്തൊരു നിസഹായത. എങ്ങനെ ഈ കുടുക്കിൽനിന്ന് തലയൂരും. ആലോചിച്ചിട്ട് മാർഗമൊന്നും തെളിയുന്നില്ല. മേരിയുടെയും മക്കളുടെയും മുഖം മനസിൽ നിറയുന്നു. കരിയറിന്റെ തുടക്കത്തിലാണ് സോഫ്റ്റ് വെയർ എഞ്ചിനീയറായ മകൻ ബിനുവും ഹൗസ് സർജൻസി ചെയ്യുന്ന മകൾ ബീനയും. ഡാഡിയുടെ കൈക്കൂലിക്കഥകൾ അവരുടെ ഭാവിയിലും നിഴലാകുമോ.ആദർശധീരനാണ് തൻെറ ഭർത്താവെന്ന് മേരി സുഹൃത്തുക്കളോട് പറയുന്നത് എത്രയോതവണ കേട്ട്്അഭിമാനിച്ച്ിരിക്കുന്നു.അപ്പച്ചനോടും അമ്മച്ചിയോടും സസ്പെൻഷൻ വാർത്ത എങ്ങനെ അവതരിപ്പിക്കും.എല്ലാംകൂടി ആലോചിച്ചപ്പോൾ അപമാനഭാരത്തിൽ ശിരസ് താഴ്ന്നുപോകുന്നതുപോലെ തോന്നി ജേക്കബിന്.. കുടുംബത്തിനാകെയാണ് താൻമൂലം മാനക്കേട്. ചതിക്കപ്പെടാനുള്ള സാദ്ധ്യതകൾ ഏറെയാണ് ,ജാഗ്രതയോടെയിരുന്നേപറ്റൂഎന്ന് അപ്പച്ചൻ എത്രയോവട്ടം പറഞ്ഞിരുന്നതാണ്.

സർവ്വരാലും ആദരണീയനായ സെബാസ്റ്റ്യൻ മാഷിന്റെ മകന് ജീവിതത്തിൽ ആദ്യമായി ചുവടുപിഴയ്ക്കുന്നുവോ. അദ്ധ്യാപനത്തിന്റ തിരക്കുകളൊഴിഞ്ഞെങ്കിലും എഴുപത്തഞ്ചാം വയസ്സിലും അപ്പച്ചൻ കുമരകത്തുകാരുടെ പ്രിയപ്പെട്ട മാഷാണ്. ആ ഗരിമയ്ക്കും ഗാംഭീര്യത്തിനും തെല്ലും മങ്ങലില്ല. പ്രായത്തിന്റെ അസ്വസ്ഥതകളുങ്കിലും അമ്മച്ചിയുമ് അപ്പച്ചനൊപ്പം എല്ലായിടത്തും. നന്മയുടെ പാഠങ്ങളാണ് അപ്പച്ചനുംഅമ്മച്ചിയും വീട്ടിൽ നിന്ന് പകർന്നു തന്നതൊക്കെയും. അനുജനും സഹോദരിക്കും നൻമകളുടെ മാതൃകയായ ജ്യേഷ്ഠസഹോദരനെന്ന നിലയിലായിരുന്നു ജീവിതത്തിലെ ഓരോ ചുവടുവയ്പും.നാളിതുവരെയും അതങ്ങനെതന്നെയായിരുന്നുതാനും.എല്ലാം എത്രപെട്ടെന്നാണ്തകിടംമറിഞ്ഞത്.ഓർമകൾ മങ്ങിതുടങ്ങിയിരിക്കുന്നതിനാൽ വല്യപ്പച്ചന്റെ മുന്നിൽ മാത്രം വിശദീകരണങ്ങൾക്കു നിന്നുകൊടുക്കേിവരില്ലന്നോർത്തപ്പോൾ ആശ്വാസം തോന്നി. വല്യപ്പച്ചനിൽനിന്നുകേട്ട സാരോപദേശ കഥകളുടെയും ചരിത്രകഥകളുടെയും പശ്ചാത്തലത്തിലായിരുന്നു ജേക്കബ് എന്ന ഐ എ എസുകാരന്റെ വളർച്ച.ആശ്വാസംതേടിയെന്നോണം ഓർമകളിലൂടെ ജേക്കബ് ബഹുദൂരം  പിന്നിലേക്കു പോയി..പ്രതിസന്ധിഘട്ടങ്ങളിൽ വല്യപ്പച്ചനെക്കുറിച്ചോർക്കുന്നതു പോലും ജേക്കബിന് ആശ്വാസമാണ്.വല്യപ്പച്ചൻ ചാക്കോച്ചനെന്നാൽ നാട്ടുകാർക്കിന്നും പേരെടുത്തസ്വാതന്ത്ര്യസമരസേനാനിയാണ്..എല്ലാവർക്കും അദ്ദേഹത്തെ ബഹുമാനമാണ്.ആദർശങ്ങളുടെ വഴിയിൽ ഗാന്ധിജിയാണ് വല്യപ്പച്ചന് നായകൻ. ഖദർമുും ജൂബയുമാണ് വല്യപ്പച്ചന് വേഷം. സ്വാതന്ത്ര്യസമര നാളുകളുടെ അവസാനഘട്ടങ്ങളിൽ, സ്വാതന്ത്ര്യ ബോധം മനസിലേറ്റിയ അനേകായിരം ചെറുപ്പക്കാരിലൊരാളായിരുന്നു ചാക്കോച്ചനും. വല്യപ്പച്ചനിൽ നിന്ന് ചരിത്ര കഥകളും ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രവുമൊക്കെ കേട്ടു പിച്ചവച്ച ബാല്യം ജേക്കബിന്റെ മനസിൽ തെളിഞ്ഞു. ചാരുകസേരയിൽ വളഞ്ഞു കിടന്നുള്ള വല്യപ്പച്ചന്റെ കഥപറച്ചിൽ കേൾക്കാൻ സഹോദരങ്ങൾ മൂവരും ഒത്തുകൂടുമായിരുന്നു അന്നൊക്കെ.. സായ്പിന്റെ കഥകൾക്കായിരുന്നു കുട്ടികൾക്കിടയിൽ ഡിമാന്റ്. സായംകാലങ്ങളിൽ വല്യപ്പച്ചനൊപ്പമുള്ള സവാരി പലപ്പോഴും ഇന്ത്യയുടെ സ്വാതന്ത്ര്യ ചരിത്രത്തിലേക്കും പഴമയിലേക്കുമുള്ള എത്തിനോട്ടമാകും. നടക്കുന്നവഴികളെക്കുറിച്ചോരോന്നും അതിന്റെ പ്രത്യേകതകൾ സഹിതം വല്യപ്പച്ചൻ പറഞ്ഞുതന്നിരുന്നു.. കോട്ടയത്തെ ബ്രിട്ടീഷ് റസിഡന്റ് കലക്ടർ കാരിസായിപ്പിന്റെ ഉടമസ്ഥതയിലുായി

രുന്ന സ്ഥലത്തുകൂടി നടക്കുമ്പോൾ സായിപ്പാവും കഥകളിലെ നായകൻ. നടന്നുമടുക്കുമ്പോൾ വല്യപ്പച്ചനും കുട്ടികളും കൂടി എവിടെയെങ്കിലും പുൽപുറത്ത് ഇരിക്കും. നടക്കുന്നവഴികളെക്കുറിച്ചോരോന്നും അതിന്റെ പ്രത്യേകതകൾ സഹിതം വല്യപ്പച്ചൻ പറഞ്ഞുകൊടുക്കും. കോട്ടയത്തെ ബ്രിട്ടീഷ് റസിഡന്റ് കലക്ടർ കാരി സായിപ്പിന്റെ ഉടമസ്ഥതയിലുായിരുന്ന സ്ഥലത്തുകൂടി നടക്കുമ്പോൾ കാരി സായിപ്പാവും കഥയിലെ നായകൻ. "ഭീമാകാരരൂപമാണ് സായിപ്പിന്. കുട്ടികൾ ദൂരേനിന്ന്കാണുമ്പോഴേ സായിപ്പിനെ നോക്കികളിയാക്കി ചിരിക്കും. വേട്ടക്കാരന്റെ ഗമയിൽ കൈയ്യിലൊരു തോക്കുമായി നടക്കുന്ന സായിപ്പ് വെള്ളക്കാരന്റെ അധീശത്വഭാവത്തിന്റെ പ്രതീകമായാണ് വല്യപ്പച്ചന്റെ കഥകളിൽ നിറയുക. സായിപ്പിന്റെ വീരശൂരകഥകൊളോന്നൊന്നായി വല്യപ്പച്ചൻ പറഞ്ഞുതുടങ്ങും.

ഒരിക്കൽ വീടിനടുത്ത കുളത്തിൽ ക മുതലയ്ക്ക് നേരെ സായ്പ് നിറയൊഴിച്ചു. വെടികൊ മുതല എവിടെയോ പോയ് മറഞ്ഞു. ഭരണത്തിരക്കിൽപെട്ട സായ്പ് ഇക്കാര്യം മറന്നു. നാളുകൾ കഴിഞ്ഞു. വീുമൊരു സായാഹ്നം. വീടിനു മുന്നിൽ കസേരയിലിരുന്ന് നോക്കെത്താ ദൂരം നീളുന്ന പച്ചപ്പിലേക്ക് കണ്ണുകളയച്ചു കിടക്കുകയാണ് സായ്പ്. സന്തത സഹചാരിയായ തോക്ക് അപ്പോഴും ഉറയിൽ തൂക്കിയിരുന്നു. വയലേലകളുടെ സ്വച്ഛതയും സ്വച്ഛമായൊഴുകുന്ന പുഴയുടെ മനോഹാരിതയും ക് മനം നിറഞ്ഞിരുന്ന സായ്പിന് മുന്നിലേക്ക് ഒരു മുതല ചീറിയടുത്തു. മാത്രനേരം കൊ് തോക്കെടുത്ത് സായ്പ് മുതലയുടെ കഥകഴിച്ചു. നാളുകൾക്കു മുമ്പ് ഉപദ്രവിച്ചുവിട്ട അതേ മുതല തന്നെയായിരുന്നു പകരം വീട്ടാനെന്നോണം മുന്നിലെത്തിയത്. മുതലയുടെ ദേഹത്ത്, വെടികൊ പാട് അപ്പോഴും മായാതെ കിടന്നിരുന്നു.

കോട്ടയത്ത് ബോട്ട്ജെട്ടിക്കടുത്ത വയസ്കരക്കുന്ന്, പേര് പോലെ തന്നെ കുത്തനെയുള്ള കയറ്റമാണ്. അവിടെ കുന്നിൻമുകളിലായിരുന്നു സായ്പിന്റെ താമസം. പ്രകൃതി തെളിഞ്ഞുനിന്ന മറ്റൊരു സായംകാലം. കുമരകത്ത് പോയി മടങ്ങുകയാണ് സായ്പ്. അന്നൊക്കെ റോഡിൽ വാഹനങ്ങൾ അപൂർവ്വമാണ്. ബോട്ട് ജെട്ടിയിലെത്തിയാൽ റിക്ഷപിടിച്ച് വീട്ടിലെത്താമെന്ന് കരുതി സായ്പ് ഉരുുരു് നടന്നു. തടിച്ചുരു സായ്പിന് കുത്തനെയുള്ള കയറ്റത്തിലൂടെ നടന്നു നീങ്ങുന്നതോർക്കുമ്പോൾ തന്നെ കിതപ്പ് കൂടും. ജംഗ്ഷനിലുായിരുന്ന റിക്ഷാവാലായെ കപ്പോൾ സായ്പിന്റെ മുഖം തെളിഞ്ഞു."വയസ്ക്കരകുന്ന് വരെ പോകണം." സായ്പ് പറഞ്ഞതുകേട്ട്റിക്ഷാവാല രൂക്ഷമായി സായ്പിനെയൊന്നു നോക്കി. അയാളുടെ മുഖത്തെ നീരസം ഗൗനിക്കാതെ സായ്പ് റിക്ഷയിൽ കയറി ഇരിപ്പുറപ്പിച്ചു. തടിയൻ സായ്പിനെയുംകൊ് കുത്തനെയുള്ള കയറ്റം വലിക്കാൻ റിക്ഷാഡ്രൈവർ ഞരങ്ങുന്നുായിരുന്നു. കടന്നലു കുത്തിയതു മാതിരി റിക്ഷാഡ്രൈവറുടെ മുഖം വീർത്തിരുന്നു. നശിച്ച ദിവസം ഇന്നാരെയാണോ കണി കത് ... എന്നെല്ലാം അയാൾ പൊറുപൊറുത്തു കൊിരുന്നു. വഴിയിലുടനീളം അയാൾ ആക്രോശിച്ച് ദേഷ്യം തീർത്തു. ഞരങ്ങി ഞരങ്ങി റിക്ഷാ കുന്നിന് മുകളിലെത്തി. സായ്പ് പേഴ്സ് തുറന്ന് കൂലിക്കു പുറമെ കുറച്ചു തുക കൂടി അധികമായി അയാളുടെ കൈകളിലേക്ക് വച്ചു. മിഴിച്ചുനിന്ന റിക്ഷാവാലയുടെ ചെകിട്ടത്തുനോക്കി സായിപ്പിന്റെ കൈ ഒന്നു ഉയർന്നു താണു. പിന്നാലെ, "കൊുപോയി തുലയടാ തെിപ്പറയന്റെ മോനേ" എന്നൊരു ആക്രോശവും. കണ്ണിലൂടെ പൊന്നീച്ച പറന്നതുപോലത്തെ വേദനയിൽനിന്ന് എന്താണ് സംഭവിക്കുന്നതെന്ന് തിരിച്ചറിയാൻ കുറച്ചു സമയംവേിവന്നു റിക്ഷാക്കാരന്. സായിപ്പിന്റെ മലയാളത്തിലുള്ള ചീത്തവിളി കേട്ട് അമ്പരന്നുപോയ അയാൾ പെട്ടെന്ന് സ്ഥലം കാലിയാക്കി. കുമളിയിലുമുായിരുന്നു സായിപ്പിനൊരു വീട്. കോട്ടയം - കുമളിറോഡ് യാഥാർത്ഥ്യമാകുന്നതിന് പിന്നിലെ കാരി സായിപ്പിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ് - സായിപ്പിന്റെ കൊച്ചുമകൻ ഇംഗ്ലിൽ നിന്നെത്തിയപ്പോൾ ടാജ് ഗ്രൂപ്പ് കോട്ടയത്തെ സ്ഥലം വാങ്ങി അവിടെ റിസോർട്ട് തീർത്തു.

ഇങ്ങനെ കേൾക്കാൻ കൗതുകമുള്ള കഥകളേറെ വല്യപ്പച്ചൻ പറഞ്ഞുകൊിരിക്കും. കുട്ടിയായിരിക്കെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ മുഖം അഭിമാനത്താൽ തിളങ്ങും. ഓർമ്മകളുടെ മൗനത്തിലേക്ക് അൽപനേരം പിൻവലിഞ്ഞ് വീും മടങ്ങിയെത്തും. "ഗാന്ധിജിയും കോൺഗ്രസും ബ്രിട്ടീഷുകാരിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോൾ എനിക്ക് 17 വയസ്സാണ്." വല്യപ്പച്ചൻ ചരിത്രം തുടങ്ങും. അതിനും വളരെക്കാലം മുമ്പ് 1857-ലെ സ്വാതന്ത്ര്യസമരം ഇന്ത്യാക്കാരുടെ ദേശാഭിമാനത്തെയും സ്വാതന്ത്ര്യതൃഷ്ണയെയും തട്ടിയുണർത്തിയിരുന്നു. അതിനിടയ്ക്കായിരുന്നു് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പിറവി.കോൺഗ്രസ് പാർട്ടിയെക്കുറിച്ചുപറയുമ്പോൾ അന്നും ഇന്നും നൂറുനാവാണ് വല്യപ്പച്ചന്.

1885 മുതലുള്ള ഇന്ത്യൻ ചരിത്രം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രവുമായി ഇഴചേർന്നു കിടക്കുന്നു. വ്യക്തിപ്രഭാവമുള്ള, സമാരാധ്യനായ ഒരു മുൻ ഉദ്യോഗസ്ഥപ്രമുഖന്റെ നേതൃത്വത്തിലായിരുന്നു കോൺഗ്രസ് പ്രസ്ഥാനത്തിന് തുടക്കം. സ്വാതന്ത്ര്യത്തിനായുള്ള പരിശ്രമങ്ങൾ മൂലം ബ്രിട്ടീഷ് നേതൃത്വം പിന്നീട് കോൺഗ്രസിനെ സംശയത്തോടെയാണ് നോക്കിക്കത്. ഒന്നാംലോകമഹായുദ്ധം ആരംഭിച്ച 1914-ാ മാലിലാണ് മഹാത്മാഗാന്ധി ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. ദക്ഷിണാഫ്രിക്കയിൽ വർണവി

വേചനത്തിനെതിരായ സമരങ്ങളിൽ നിന്ന് ഇന്ത്യയിലെത്തിയ ഗാന്ധിജി 1920-ൽ കോൺഗ്രസിന്റെ അനിഷേധ്യ നേതാവായി. ,,,സമരരംഗത്തുവന്നപ്പോൾതന്നെ വ്യത്യസ്തതകൾകൊുവേറിട്ടുനിൽക്കുന്ന വ്യക്തിത്വമായിരുന്നു ഗാന്ധിജിയുടേത്, അന്ന് ഞങ്ങളുടെയൊക്കെ ആദർശപുരുഷനായിരുന്നു അദ്ദേഹം.,,,വല്യപ്പച്ചൻ പറയും.പരിപൂർണസ്വരാജ് ലക്ഷ്യമിട്ട് 1921-ൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ അക്രമരാഹിത്യത്തിലൂന്നിയ നിസഹകരണപ്രസ്ഥാനത്തിന് ഗാന്ധിജി തുടക്കമിട്ടെങ്കിലും 1924-ൽ അപ്രതീക്ഷിത സംഭവങ്ങളെ തുടർന്ന് നിസഹകരണ പ്രസ്ഥാനം പിൻവലിച്ചു. 1929-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ലാഹോറിൽ ചേർന്ന കോൺഗ്രസ് സമ്മേളനം പൂർണ സ്വരാജ് ഇന്ത്യയുടെ ലക്ഷ്യമായി പ്രഖ്യാപിച്ചപ്പോൾ യുവാക്കൾ ആവേശഭരിതരായി. സ്വാതന്ത്ര്യം ഞങ്ങളിൽ മോഹമായി നിറഞ്ഞു.ഇന്ത്യൻ സ്വാതന്ത്ര്യചരിത്രത്തിന്റെ ആഴങ്ങളിലേക്ക് നീങ്ങുകയാണ് വല്യപ്പച്ചന്റെ ചിന്തകൾ.രാജ്യത്തെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും 1930 ജനുവരി 26-ന് സ്വാതന്ത്ര്യ ദിനമായി ആഘോഷിച്ചു. അന്യായമായ ഉപ്പുനികുതിയുമായി ബന്ധപ്പെട്ടായിരുന്നു 1930-ൽ ഗാന്ധിജി വീും സമരരംഗത്തെത്തിയത്. അക്കാലത്ത് ഉപ്പിന് ഗവൺമെന്റ് ഭാരിച്ച നികുതി ചുമത്തിയിരുന്നു. ഉപ്പാക്കാൻ സ്വകാര്യവ്യക്തികളെ അനുവദിച്ചിരുന്നുമില്ല.പ്രതികരിക്കാൻ തന്നെ ഗാന്ധിജി തീരുമാനിച്ചപ്പോൾ ആയിരങ്ങൾ പിന്തുണയുമായി ഒപ്പം നിന്നു.

“ഒന്നുകിൽ ലക്ഷ്യം നേടി ഞാൻ തിരിച്ചുവരും. പരാജയപ്പെട്ടാൽ ഞാനെന്റെ ജഡം സമുദ്രത്തിന് സംഭാവന നൽകും.” ഇതുപറഞ്ഞ് സബർമതി ആശ്രമത്തിൽ നിന്ന് അഹമ്മദബാദിനടുത്ത് ദണ്ഡി കടൽതീരത്തേക്ക് 24 നാൾകൊ് 240 മൈൽ ദൂരം ഗാന്ധിജി നടന്നു. വിനോബാഭാവെയടക്കം എൺപതോളം പേർ ഗാന്ധിജിക്ക് പിന്നാലെയുായിരുന്നു. ദണ്ഡിയിൽവച്ച് കടലിൽ നിന്ന് കുറെ വെള്ളമെടുത്ത് കുറുക്കി ഉപ്പുാക്കി ഉപ്പുനികുതി നിയമം ഗാന്ധിജി ലംഘിച്ചു. “അഹിംസാവ്രതക്കാരനായ സത്യഗ്രഹിയുടെ കൈക്കുള്ളിലെ ഒരു പിടിയുപ്പ് ഭാരതീയന്റെ സങ്കൽപത്താൽ ഈ നിമിഷംമുതൽ ശക്തിയുടെ പ്രതീകമായിരിക്കുന്നു. ഇത് ഒതുക്കിപ്പിടിച്ചിരിക്കുന്ന മുഷ്ടി തല്ലിത്തകർത്തേക്കാം. എന്നിരിക്കിലും ഇന്ത്യക്കാരന്റെ കൈക്കുള്ളിലെ ഈ ഉപ്പ് അവൻ വിട്ടുകൊടുക്കില്ല.” ഗാന്ധിജിയുടെ വാക്കുകൾ ജനത്തിന് ആവേശമായി. കൈക്കുള്ളിലെ ഉപ്പ് സംരക്ഷിക്കുന്നതിന് സത്യഗ്രഹികൾ ശത്രുവിന് നേരെ ശിരസ് കാട്ടിക്കൊടുത്തു. മർദ്ദനമേറ്റ് വീഴുമ്പോഴും കൈക്കുള്ളിലെ ഉപ്പ് ചോർന്നു പോകാതിരിക്കാൻ അവർ കൈമടക്കി നെഞ്ചോടു ചേർത്തുവച്ചു.

അന്ന് 61 വയസ്സായിരുന്നു ഗാന്ധിജിക്ക്. നികുതിയടയ്ക്കാതെ, ഗാന്ധിജി ജനത്തെ ഉപ്പാക്കാൻ പ്രേരിപ്പിച്ചതായി പത്രങ്ങളിലും വയർസർവീസുകളിലും വാർത്ത പരന്നു. രാജ്യത്തെങ്ങും, ഗാന്ധിജിയുടെ ഉപദേശമനുസരിച്ച് കർഷകർ ഉപ്പാക്കിത്തുടങ്ങിയതോടെ കടൽതീരങ്ങൾ സമരഭൂമിയായി. കേരളത്തിൽ പയ്യന്നൂർ കടപ്പുറമായിരുന്നു സമരകേന്ദ്രം. ദണ്ഡിയാത്രയുടെ ശൈലിയിൽ കോഴിക്കോട് നിന്ന് ആരംഭിച്ച ജാഥയ്ക്ക് കെ. കേളപ്പൻ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് തുടങ്ങിയ നേതാക്കൾ നേതൃത്വമേകി.,,അന്ന് സമരത്തിൽ പങ്കെടുക്കാൻ ഒത്തിരി ആഗ്രഹിച്ചെങ്കിലും പോകാൻ പറ്റിയില്ല. ഞാനും കൂട്ടുകാരും ചൂടേറിയ ചർച്ചകൾ സംഘടിപ്പിച്ച് ആവേശം കളയാതെ കാത്തു.,,,. പറയുമ്പോൾ വല്യപ്പച്ചൻെറ മുഖത്തൊരു നഷ്ടബോധം നിറ്ഞ്ഞുനിന്നു. സമരക്കാർ പാടിനടന്ന ,വരിക വരിക സഹജരേ, സ്മരിപ്പിൻ ഭാരതീയരേ - തുടങ്ങിയ ദേശഭക്തിഗാനങ്ങൾ ജനങ്ങൾ ഏറ്റുപാടി. പയ്യന്നൂർ മോഡലിൽ കോഴിക്കോട്ടും സമരം നടന്നു. ആയിരക്കണക്കിന് ജനങ്ങൾ അറസ്റ്റ് വരിച്ച ഉപ്പ് സമരം ചരിത്രത്തിലെ ഏറ്റവും വലിയ സിവിൽ ആജ്ഞാലംഘനമായി, സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാനവഴിത്തിരിവായി. നിയമം വകവയ്ക്കാതെ ജനം എല്ലായിടത്തും പൊതുയോഗം ചേർന്നു. പോലീസ് മർദ്ദനത്തിൽ പതറാതെ അറസ്റ്റിന് സന്നദ്ധരായി ആയിരങ്ങളാണ് മുന്നോട്ടു വന്നത്. ജയിലുകളിൽ തടവുകാരെ പാർപ്പിക്കാൻ സ്ഥലം തികയാതായി. അക്രമമില്ലാതെ സമാധാനത്തിലും അച്ചടക്കത്തിലുമായിരുന്നു സമരം. പണക്കാരായ വനിതകൾപോലും വിദേശവസ്ത്രങ്ങൾ ബഹിഷ്ക്കരിക്കുന്നതിലും, പിക്കറ്റിംഗിനും മുന്നിട്ടുനിന്നു. ജനം ആവേശത്തിലായിരുന്നു. ഗാന്ധിജിയും നെഹ്റുവും അറസ്റ്റ് ചെയ്യപ്പെട്ടു. 1931 ജനുവരിയിൽ ഗവൺമെന്റ് കോൺഗ്രസുമായി താൽക്കാലിക ഒത്തുതീർപ്പിലെത്തി. ഇന്ത്യൻ സ്വാതന്ത്ര്യത്തെക്കുറിച്ച് ചർച്ചയ്ക്ക് വട്ടമേശ സമ്മേളനത്തിന് ഗവൺമെന്റ് തയ്യാറായതോടെ സിവിൽ ആജ്ഞാലംഘനം പിൻവലിക്കപ്പെട്ടു. ഗാന്ധിജിയുടെ സമരധീരത അനേകായിരം ചെറുപ്പക്കാരിൽ ആവേശമായി നിറഞ്ഞു. ചാക്കോച്ചനും ആയിരങ്ങളിൽ ഒരുവനായി സമരപഥങ്ങളിലുായിരുന്നു. കൗമാരത്തിലേക്കു കടക്കുന്ന കാലത്ത്, വല്യപ്പച്ചൻ പറഞ്ഞ 1930കളിലേയും നാൽപതുകളിലേയും ഇന്ത്യൻ സ്വാതന്ത്ര്യേതിഹാസങ്ങൾ ജേക്കബും സഹോദരങ്ങളും അത്ഭുതത്തോടെ കേട്ടിരുന്നു.

തിരുവിതാംകൂറിലെ അവസാനത്തെ രാജാവ് ശ്രീചിത്തിരതിരുനാളിനെക്കുറിച്ചും വല്യപ്പച്ചൻ വാചാലനായിരുന്നു. മഹാരാജാ ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മയ്ക്ക് ഭരണത്തിന് പ്രായമാകാതിരുന്ന നാളുകളിൽ സേതുലക്ഷ്മിഭായി റീജന്റായായിരുന്നു ഭരണം. സേതുലക്ഷ്മിഭായിയുടെ കാലത്ത് കേണൽ മൺറോ ട്രാവൻകൂറിന്റെ റസിഡന്റ് ദിവാനായിരുന്നു. തിരുവിതാംകൂർ രാജാക്കന്മാർ ബ്രിട്ടീഷുകാരുമായി ഉടമ്പടികളുാക്കിയിരുന്ന സമയം. 1800കളിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കാലം മുതലേ വ്യാപാ

രവാണിജ്യ ഇടപാടുകൾ നടന്നിരുന്നു. ദിവാൻ മൺറോയുടെ കാലത്ത് സുഗന്ധവ്യഞ്ജന കൈമാറ്റത്തിനായി ഹൈറേഞ്ച് മേഖലകളിൽ റോഡുകളേറെയുായി. തിരുവനന്തപുരം വിമൺസ് കോളേജ് അപ്ഗ്രേഡ് ചെയ്യപ്പെട്ടതും ഇക്കാലത്താണ്. 1933-ലായിരുന്നു ശ്രീചിത്തിരതിരുന്നാളിന്റെ രാജപദമേൽക്കൽ. 1949-ൽ തിരുവിതാംകൂർ - കൊച്ചിൻ സംസ്ഥാനം സ്വതന്ത്ര ഇന്ത്യയ്ക്ക് കീഴിൽ രൂപീകൃതമാകുംവരെ അദ്ദേഹം രാജപദവിയിൽ തുടർന്നു. പ്രശസ്തനും ജനപ്രിയനുമായിരുന്നു മഹാരാജാവ്. അദ്ദേഹത്തിന്റെ ഭരണകാലത്ത് ശ്രീമൂലം അസംബ്ലി, ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിൽ തുടങ്ങിയവ രൂപീകൃതമായി. തിരുവിതാംകൂർ റബർ വർക്സ്, കുറ കളിമൺ ഫാക്ടറി, പുനലൂർ പ്ലൈവുഡ് ഫാക്ടറി, ഏലൂർ ഫെർട്ടിലൈസർ ആൻഡ് കെമിക്കൽസ് ഫാക്ടറി, പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക് ജനറേറ്റിംഗ് സ്റ്റേഷൻ, സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപറേഷൻ തുടങ്ങിയവയെല്ലാം രൂപീകൃതമായി.

1931-36 കാലത്ത് നിയമ കാര്യങ്ങളിലും ഭരണഘടനാപരമായ കാര്യങ്ങളിലും മഹാരാജാവിന്റെ ഉപദേശകനായിരുന്നു സർ സി. പി. രാമസ്വാമി അയ്യർ.ഒരുതരം ആരാധനയോടെയാണ് വല്യപ്പച്ചൻ സർ സി.പി.യെക്കുറിച്ചു പറയുക.1936 ഒക്ടോബറിൽ സർ സി. പി. തിരുവിതാംകൂർ ദിവാനായി നിയമിതനായി. സി. പി.യെ നേരിൽ കിട്ടുള്ളതും അദ്ദേഹത്തിന്റെ ഭരണപാടവവുമൊക്കെ പറഞ്ഞുതുടങ്ങിയാൽ പിന്നെ വല്യപ്പച്ചൻ നിർത്തില്ല. തന്റെ കൊച്ചുമകൻ ജേക്കബും ഒരു ഐ. എ. എസ് ഓഫീസറാകുന്നതും മിടുക്കനായൊരു ഭരണാധികാരിയാകുന്നതും ചാക്കോച്ചൻ സ്വപ്നം കിരുന്നു.

അന്നൊക്കെ സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം എന്നും ജേക്കബ് പഠിക്കാനിരിക്കും. വല്യപ്പച്ചൻ അരികിൽ ചെന്ന് നിന്ന് പറയും. “നന്നായി പഠിക്കണം, പഠിച്ച് വലിയവനാകണം.” കൂപ്പുകൈകളോടെ വല്യപ്പച്ചന്റെ കണ്ണുകൾ ക്രൂശിതരൂപത്തിലേക്ക് തിരിയും.